**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കെ മരണമടഞ്ഞ സരസ്സൻ.ആർ ന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. സരള.പിയ്ക്ക് സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ പഞ്ചായത്തു വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം. **177/ 2020/ തസ്വഭവ.** തീയതി, തിരുവനന്തപുരം **06/ 11/ 2020.**

---

പരാമർശം : 1) ജി.ഒ.(പി) നം. 12/ 99/ പി & എ ആർ.ഡി തീയതി, 24/ 5/ 1999.

2) സ.ഉ(കൈ) നം 5/ 2020/ തസ്വഭ തീയതി, 02/ 01/ 2020.

3) ശ്രീമതി. പി. സരളയുടെ 12/ 05/ 2017 -ലെ അപേക്ഷ.

4) പഞ്ചായത്ത് ഡയറക്ടറുടെ 20/ 08/ 2018 ലെ ഇ 14- 36001/ 17 നമ്പർ കത്ത്.

5) ആലപ്പുഴ ജില്ലാ കളക്ടറുടെ 06.08.2020- ലെ DCALP/ 2854/ 2020- A7 നം.കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കെ മരണമടഞ്ഞ സരസ്സൻ.ആർ എന്നവരുടെ ഭാര്യയും ആശ്രിതയുമായ ശ്രീമതി. സരള.പി സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2 ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കേ 16.11.2012 ലാണ് സരസ്സൻ.ആർ നിര്യാതനാവുന്നത്. പരേതനായ സരസ്സൻ.ആർ ന് 24 വർഷം 09 മാസം 11 ദിവസം സേവനകാലമുണ്ട്. അപേക്ഷകയായ ശ്രീമതി. സരള.പി പരേതന്റെ ഭാര്യയാണ്. ടിയാരി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് ഉണ്ടായ കാലതാമസം പരാമർശം (2) പ്രകാരം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അപേക്ഷകയുടെ ജനനതീയതി 09.05.1964 ആണ്. അപേക്ഷകയ്ക്ക് 56 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക ഒൻപതാം ക്ലാസ് പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്.

3. അപേക്ഷയോടൊപ്പം പരേതനായ സരസ്സൻ.ആർ ന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ

സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാരിയുടെ കുടുംബവാർഷിക വരുമാനം 72,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും ആലപ്പുഴ ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ഫെറിമാൻ ആയിരിക്കെ മരണമടഞ്ഞ ആർ. സരസ്സന്റെ ഭാര്യയും ആശ്രിതയുമായ ശ്രീമതി സരള.പി.യുടെ (മുട്ടേൽപുതുവൽ, കീരിക്കാട് തെക്ക്, കായംകുളം.പി.ഒ, ആലപ്പുഴ-690502.) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. മരണമടഞ്ഞ ആർ.സരസ്സൻ ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാന് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**ഗവ. അഡിഷണൽ സെക്രട്ടറി**

ശ്രീമതി സരള .പി(മുട്ടേൽപുതുവൽ, കീരിക്കാട് തെക്ക്, കായംകുളം.പി.ഒ, ആലപ്പുഴ-690502.)
(തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, ആലപ്പുഴ.
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെ ബ്സൈ റ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഇപിഎ 3/ 327/ 2018/ തസ്വഭവ)

ഉത്തരവിൻപ്രകാരം

Denny

സെക്ഷൻ ഓഫീസർ